"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പ്

സ.ഉ.(കൈ) നം.16/2025/F&CS തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 1. കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ സമർപ്പിച്ച 25.01.2023 ലെ നിവേദനം.

2. ഉപഭോക്തൃകാര്യ കമ്മീഷണറുടെ 20.02.2023, 09.11.2024 എന്നീ തീയതികളിലെ സിസിഎസ്/893/2023/B8 നം. കത്ത്.

3. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന്റെ 2024 ലെ പ്രവൃത്തി പഠന റിപ്പോർട്ട്.

<u>ഉത്തരവ്</u>

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് രൂപികരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് എന്നും അതിനാൽ ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ റേഷനിംഗ് ആഫീസ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ പരാമർശം (1)പ്രകാരം നിവേദനം സമർപ്പിച്ചതായും അട്ടപ്പാടിയിലെ ഗോത്രവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തേണ്ടത് പ്രഥമ പരിഗണന അർഹിക്കുന്ന വിഷയമായതിനാലും ടി പ്രദേശത്തെ പൊതുവിതരണം കൂടുതൽ കാര്യക്ഷമമായും കൃത്യതയോടെയും നടപ്പിലാക്കേണ്ടതുള്ളതിനാലും പ്രസ്തുത നിവേദനത്തിന്മേൽ തുടർ നടപടി സ്വീകരിക്കാൻ പരാമർശം (2) പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

2)അട്ടപ്പാടി താലൂക്ക് ഉൾപ്പെടുന്ന പ്രദേശം നിലവിൽ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലാണ് വരുന്നത് എന്നും മണ്ണാർക്കാട്

താലൂക്കിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും, ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന് വളരെ അധികം പരിമിതികളുള്ളതിനാലും പ്രധാനമായും റേഷൻ സംവിധാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അട്ടപ്പാടി മേഖലയിലെ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, മെച്ചപ്പെട്ട സേവനം നൽ കുന്നതിനും അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3) 'ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക' എന്ന വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കുന്ന വിഷയം പ്രത്യേകമായെടുത്ത് പഠനം നടത്തുകയും അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലുക്ക് സപ്ലൈ ആഫീസ് രൂപീകരിക്കാവുന്നതാണ് എന്നുമുള്ള ശിപാർശ സഹിതം പരാമർശം (3)ലെ പഠനറിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയായതിനാലും നിലവിൽ അട്ടപ്പാടി താലൂക്ക് ഉൾപ്പെടുന്ന പ്രദേശം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലാണ് വരുന്നത് ,എന്നതിനാലും മണ്ണാർക്കാട് താലൂക്കിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് ഒരു ട്രൈബൽ താലുക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്നു കാണുന്നു. പ്രസ്തുത സാഹചര്യത്തിൽ, പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്നതിനായി ഒരു താലൂക്ക് സപ്ലൈ ഓഫീസർ, ഒരു അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, ഒരു റേഷനിംഗ് ഇൻസ്പെക്ടർ എന്നീ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും മറ്റു ജീവനക്കാരെ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും പുനർവിന്യാസത്തിലൂടെ നിയമിച്ചുകൊണ്ടും (തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു) അട്ടപ്പാടി ട്രൈബൽ താലൂക്ക് യാഥാർത്ഥ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമനം. | തസ്തിക | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | താലൂക്ക് സപ്ലൈ ഓഫീസർ | 1 (തസ്തിക സൃഷ്ടിച്ചു കൊണ്ട്) |
| 2 | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ | 1 (തസ്തിക സൃഷ്ടിച്ചു കൊണ്ട്) |
| 3 | റേഷനിംഗ് ഇൻസ്പെക്ടർ | 2 (ഒരു റേഷനിംഗ് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിച്ചു കൊണ്ടും ഒരു തസ്തിക പുനർവിന്യാസത്തിലൂടെ നിയമിച്ചുകൊണ്ടും) |
| 4 | ക്ലാർക്ക് | 4 (പുനർവിന്യാസം) |
| 5 | ഡ്രൈവർ | 1 (പുനർവിന്യാസം) |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം
2. പൊതുഭരണ(എസ്.സി)വകുപ്പ്(മന്ത്രിസഭാ യോഗതീരുമാനത്തിന്റെ ഇനം നം.3115 പ്രകാരം)
3. ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര(A.R1)വകുപ്പ്
4. ധനകാര്യ (അഗ്രി-എ)വകുപ്പ് (U.O(f)Agri-A2/210/2024/Fin)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
6. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ)വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്(FCSD-A3/69/2024-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Resmi V
സെക്ഷൻ ഓഫീസർ
Date: 17-07-2025 10:57:10

പകർപ്പ്- 1) ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്
2) ഭക്ഷ്യപൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ -യ്ക്ക്
3) ഭക്ഷ്യപൊതുവിതരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 10-07-2025

ഫയൽ നം. FCSD-A3/69/2023/FCSD. ഇനം നം: 3115

വിഷയം : ഭക്ഷ്യ-പൊതുവിതരണ വകുപ്പ് - പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഭക്ഷ്യ-പൊതുവിതരണ വകുപ്പ്.

3115

| കേരള സർക്കാർ<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ് | | |
|---|---|---|
| 1. | ഫയൽ നമ്പർ | FCSD A3/69/2023- FCSD |
| 2. | വകുപ്പ് | ഭക്ഷ്യ പൊതുവിതരണ (എ) വകുപ്പ് |
| 3. | വിഷയം | പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | 18/06/2025 |
| 5. | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | ഉണ്ട്. |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടുത്തിയിട്ടുണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് തേടിയിട്ടുണ്ട്. |
| 7. | കരട് കുറിപ്പ് സമർപ്പിച്ച സ്പെഷൽ സെക്രട്ടറിയുടെ പേര് | ശ്രീ. ശരത് ചന്ദ്രൻ. സി. എസ് |
| 8. | കരട് കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീ. എം. ജി. രാജമാണിക്യം |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 30.06.2025 |
| 10. | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ .ജയതിലക് |

| | | |
|---|---|---|
| [illegible]. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02.07.2025 |
| 12. | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. ജി. ആർ. അനിൽ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03.07.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 08.07.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 10.07.2025 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപികരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) പാലക്കാട് ജില്ലയിൽ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട് എന്നും അതിനാൽ ' ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനായി ' അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ റേഷനിംഗ് ആഫീസ് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സിവിൽ സപ്ലൈസ് ഓഫീസേഴ്സ് ഫെഡറേഷൻ നിവേദനം സമർപ്പിച്ചിരുന്നു.

3) "ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക എന്ന വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലുക്ക് സപ്ലൈ ആഫീസ് രൂപികരിക്കുന്ന വിഷയം പ്രത്യേകമായെടുത്ത് പഠനം നടത്തി അടിയന്തിര റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിന് നിർദ്ദേശം നൽകിയിരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പ്രത്യേകമായെടുത്ത് പഠനം നടത്തി ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

### അട്ടപ്പാടി ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസിൽ സൃഷ്ടിക്കേണ്ട തസ്തികകളുടെ വിവരം

| ക്രമനം. | തസ്തിക | തസ്തികയുടെ എണ്ണം |
|---|---|---|
| 1 | താലൂക്ക് സപ്ലൈ ഓഫീസർ | 1 |
| 2 | അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ | 1 |

| | | |
|---|---|---|
| 3 | റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| 4 | ക്ലാർക്ക് | 4 |
| 5 | ഡ്രൈവർ | 1 |

**അട്ടപ്പാടി ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസിൽ പുതുതായി സൃഷ്ടിക്കുന്ന തസ്തികകളിൽ ഒരു വർഷമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത**

| തസ്തികയുടെ പേര് | എണ്ണം | ശമ്പള സ്കെയിൽ | ഡി.എ | എച്ച്.ആർ.എ | Hill tract | ഒരു മാസം ആവശ്യമായ തുക | ഒരു വർഷത്തെ സാമ്പത്തിക ബാദ്ധ്യത |
|---|---|---|---|---|---|---|---|
| താലൂക്ക് സപ്ലൈ ഓഫീസർ | 1 | 51400-110300 | 4626 | 2056 | 500 | 58582 | 7,02,984 |
| അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ | 1 | 43400-91200 | 3906 | 1736 | 500 | 49542 | 5,94,504 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 | 39300-83000 | 3537 | 1572 | 450 | 44859 | 10,76,616 |
| ക്ലാർക്ക് | 4 | 26500-60700 | 2385 | 1200 | 450 | 30535 | 14,65,680 |
| ഡ്രൈവർ | 1 | 25100-57900 | 2259 | 1200 | 300 | 28859 | 3,46,308 |
| **ആകെ** | | | | | | | **41,86,092** |

4) "ഗോത്രവർഗ്ഗ ജനതയുടെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുക" എന്ന വിഷയത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അട്ടപ്പാടി ആസ്ഥാനമാക്കി ടൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കുന്നതിനും, പ്രസ്തുത താലൂക്ക് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ മേൽപ്പറഞ്ഞ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം ലഭ്യമാക്കുകയുണ്ടായി."

"പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്നതിനു, പ്രസ്തുത താലൂക്ക് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച ഭരണ വകുപ്പിന്റെ ശിപാർശയിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ പുനർവിന്യാസത്തിനുള്ള സാധ്യത കുടി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു."

5) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ചുവടെ ചേർക്കുന്ന റിപ്പോർട്ട് ലഭ്യമാക്കി.

" അട്ടപ്പാടി താലൂക്ക് ഉൾപ്പെടുന്ന പ്രദേശം നിലവിൽ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലാണ് വരുന്നത് എന്നും മണ്ണാർക്കാട് താലൂക്കിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട മുഴുവൻ പ്രവർത്തനങ്ങളും, ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും മണ്ണാർക്കാട് താലൂക്ക് സപ്പൈ ഓഫീസിന് വളരെയധികം പരിമിതികളുണ്ടെന്നും പ്രധാനമായും റേഷൻ സംവിധാനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കേണ്ടത് ഈ മേഖലയിലെ ജനങ്ങളുടെ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, മെച്ചപ്പെട്ട സേവനം നൽകുന്നതിനും അത്യാവശ്യമാണ് എന്നും അറിയിച്ചിരുന്നു. കൂടാതെ പൊതുവിതരണ വകുപ്പ് രൂപീകൃതമായ കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ള Staff Pattern ആണ് ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിലവിൽ ഉള്ളത്. സംസ്ഥാനത്തെ ജനസംഖ്യാ ആനുപാതികമായ ജോലി

ഭാരം കണക്കിലെടുത്തുള്ള മതിയായ ജീവനക്കാർ ഇല്ലാതെയാണ് വകുപ്പ് നിലവിൽ പ്രവർത്തിച്ച് വരുന്നത്. ജില്ലാ അടിസ്ഥാനത്തിൽ ഒരു സപ്ലൈ ഓഫീസും, താലൂക്ക് അടിസ്ഥാനത്തിൽ ഓരോ താലൂക്ക് സപ്ലൈ ഓഫീസുമാണ് വകുപ്പിൽ പ്രവർത്തിക്കുന്നത്, പ്രസ്തുത ഓഫീസുകളിൽ തന്നെ മതിയായ ജീവനക്കാരില്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. അതിനാൽ അട്ടപ്പാടി ആസ്ഥാനമായി ഒരു ട്രൈബൽ താലൂക്ക് രൂപീകരിക്കുമ്പോൾ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്നും പുനർവിന്യസിക്കാൻ സാധ്യമായ തസ്തികകൾ ഒന്നും തന്നെ ഇല്ല' എന്നും അറിയിച്ചു. പ്രസ്തുത സാഹചര്യത്തിൽ അട്ടപ്പാടി ആസ്ഥാനമാക്കി ട്രൈബൽ താലൂക്ക് സപ്ലൈ ആഫീസ് രൂപീകരിക്കുന്നതിനും ടി ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയത്തിലും ധനകാര്യ വകുപ്പിന്റെ ഉപദേശം ഒരിക്കൽ കൂടി തേടിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന അഭിപ്രായം ആണ് ധനകാര്യ വകുപ്പ് നല്കിയത്.

"ഭരണ വകുപ്പ് ശിപാർശ മാറ്റിവയ്ക്കുന്നു."

6) പാലക്കാട് ജില്ലയിലെ അട്ടപ്പാടി, ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയാണ്. നിലവിൽ അട്ടപ്പാടി താലൂക്ക് ഉൾപ്പെടുന്ന പ്രദേശം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലാണ് വരുന്നത്. മണ്ണാർക്കാട് താലൂക്കിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് ഒരു ട്രൈബൽ താലൂക്ക് രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ, ഒരു താലൂക്ക് സപ്ലൈ ഓഫീസർ, ഒരു അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, ഒരു റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും മറ്റു ജീവനക്കാരെ വകുപ്പിൽ നിന്നും പുനർവിന്യാസത്തിലൂടെ നിയമിച്ചുകൊണ്ടും അട്ടപ്പാടി ട്രൈബൽ താലൂക്ക് യാഥാർത്ഥ്യമാക്കി സർക്കാരിന്റെ നാലാം വാർഷികത്തിൽ ഉദ്ഘാടനം

ചെയ്യുന്നത് ഉചിതമായിരിക്കും എന്ന് ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി അഭിപ്രായപ്പെടുകയും ബഹു.മുഖ്യമന്ത്രിക്ക് ഫയൽ സമർപ്പിക്കുകയും ചെയ്തു.

7) "ധനകാര്യ വകുപ്പ് മന്ത്രി ഒന്നുകൂടി കാണുക." എന്ന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

8) പാലക്കാട് ജില്ലയിലെ അട്ടപ്പാടി, ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലയാണ്. നിലവിൽ അട്ടപ്പാടി താലൂക്ക് ഉൾപ്പെടുന്ന പ്രദേശം മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലാണ് വരുന്നത്. മണ്ണാർക്കാട് താലൂക്കിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി മേഖലയിലെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അട്ടപ്പാടി മേഖല കേന്ദ്രീകരിച്ച് ഒരു ട്രൈബൽ താലൂക്ക് രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ, ഒരു താലൂക്ക് സപ്ലൈ ഓഫീസർ, ഒരു അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, ഒരു റേഷനിംഗ് ഇൻസ്പെക്ടർ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും മറ്റു ജീവനക്കാരെ വകുപ്പിൽ നിന്നും പുനർവിന്യാസത്തിലൂടെ നിയമിച്ചുകൊണ്ടും അട്ടപ്പാടി ട്രൈബൽ താലൂക്ക് യാഥാർത്ഥ്യമാക്കി സർക്കാരിന്റെ നാലാം വാർഷികത്തിൽ ഉദ്ഘാടനം ചെയ്യുന്നത് ഉചിതമായിരിക്കും എന്ന ബഹു.ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രിയുടെ നിർദ്ദേശം ബഹു.ധനകാര്യ വകുപ്പ് മന്ത്രി അംഗീകരിച്ചു.

9) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ആസ്ഥാനമാക്കി ഒരു ട്രൈബൽ താലൂക്ക് സപ്ലൈ ഓഫീസ് രൂപീകരിക്കുന്നതിനായി ഒരു താലൂക്ക് സപ്ലൈ ഓഫീസർ, ഒരു അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ, ഒരു റേഷനിംഗ് ഇൻസ്പെക്ടർ തസ്തികൾ സൃഷ്ടിച്ചുകൊണ്ടും, മറ്റ് ജീവനക്കാരെ പൊതുവിതരണ വകുപ്പിൽ നിന്നും പുനർവിന്യസിച്ചുകൊണ്ടും ഉത്തരവാകാവുന്നതാണോ ?